T61
B22

✠

A. M. D. G.

# ബാലോപദേശം.

വിസാവ്വഭൈരമനായ

വിശുദ്ധ അപ്രേം എഴുതിയിട്ടുള്ള

ഒരു ഖണ്ഡകാവ്യം.

DHARMARAM COLLEGE LIBRARY BANGALORE 3961
S. H. SCHOLASTICATE CHANGANACHERRY CHETHIPUZHA

MANNANAM.
PRINTED AT THE ST. JOSEPH'S PRESS.
1935.

**Imprimi potest.**

FR. SYLVESTER
of the Bl. Sacrament,
*Prior General, T. O. C. D.*

*Thevara.*
*26. 3. 1934.*

**Imprimatur.**

† JAMES KALACHERRY,
Ep. Changanacherry.

*Changanacherry,*
*27 — 3 — 1935.*

l/83

# അവതാരിക.

സുറിയാനിസഭാമകുടമായ വി. അപ്രേം തിരുസഭാപിതാക്കന്മാരുടെയും വേദപാരംഗതന്മാരുടെയും ഗണത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണ് കരസ്ഥമാക്കിയിരിക്കുന്നത്. തിരുസഭയുടെ പ്രാരംഭകാലങ്ങളിൽ ജീവിച്ചിരുന്ന ഒരു മഹാനാണ് ഇദ്ദേഹം. 373-ൽ അത്രെ വി. അപ്രേം പരലോകപ്രാപ്തനായത്. പരിശുദ്ധാത്മാവിന്റെ വീണ, വിനയത്തിന്റെ ഉല്പത്തിസ്ഥാനം എന്നെല്ലാമുള്ള അപരനാമങ്ങൾ ഇദ്ദേഹത്തിന് സിദ്ധിച്ചിട്ടുണ്ട്. താസിയാൻ, ബർദൈസാൻ ആദിയായ പതിതർ പദ്യങ്ങൾ മുഖേന അവരുടെ അബദ്ധോപദേശങ്ങൾ ജനസാമാന്യത്തിൽ പരത്തുവാൻ പരിശ്രമിച്ചപ്പോൾ പദ്യങ്ങൾതന്നെ എതിരായുധമായി സ്വീകരിച്ചുകൊണ്ട് വി. അപ്രേം അവരെ പരാജിതരാക്കി. വേദപുസ്തകവ്യാഖ്യാനങ്ങളാണ് വിശുദ്ധന്റെ കൃതികളിൽ പ്രാധാന്യമേറിയവ. നിത്യം കന്യകയും അമലോത്ഭവയും ആയ പരിശുദ്ധ മറിയത്തിന്റെ ഒരു പ്രത്യേകാശ്രിതനായിരുന്ന ഇദ്ദേഹം. മറിയത്തിന്റെ കന്യാത്വം, അമലോത്ഭവം ആദിയായവ സംബന്ധിച്ച് പുരാതനസഭ എന്തു

വിശ്വസിച്ചിരുന്നു എന്നു് വി. അപ്രേമിന്റെ കൃതികളിൽനിന്നു നമുക്കു മനസ്സിലാക്കാവുന്നതാണു്. പലതരത്തിലുള്ള വിഷയങ്ങളെ ആസ്പദമാക്കി മേംമ്റാ, മദ്രാശാ, കാലാ എന്നെല്ലാം സുറിയാനിഭാഷയിൽ അറിയപ്പെടുന്ന ആദ്ധ്യാത്മികങ്ങളും സാഹിത്യപരങ്ങളും ആയ നിരവധി വിശിഷ്ടകൃതികളുടെ കർത്താവത്രെ നമ്മുടെ ഈ മഹാ വിശുദ്ധൻ. വി. അപ്രേമിന്റെ കൃതികളെല്ലാം സുറിയാനിഭാഷയിലാകയാൽ, അവ അർഹിക്കുന്ന വിധത്തിലുള്ള പ്രചാരം ഇതേവരെ അവയ്ക്കു സിദ്ധിച്ചിട്ടില്ലെന്നു് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സുറിയാനിക്കാരായ വൈദികർ കാനോൻ ജപത്തിൽ വി. അപ്രേമിന്റെ പല പദ്യങ്ങളും പ്രതിദിനം ചൊല്ലിവരാറുണ്ടെങ്കിലും ജനസാമാന്യത്തിന് അവയുടെ അർത്ഥം ഗ്രഹിക്കുവാൻ സാധിക്കാതെയാണല്ലൊ വന്നിരിക്കുന്നതു്. മരിച്ചവരുടെ സംസ്കാരകർമ്മത്തിൽ ഉപയോഗപ്പെടുത്തുന്ന ഗാനങ്ങളിൽ മിക്കതും വി. അപ്രേമിന്റെ തൂലികയിൽ നിന്നു പുറപ്പെട്ടിട്ടുള്ളവയാണെന്നു് അറിഞ്ഞിട്ടുള്ളവർ എത്ര ചുരുക്കം!

ഈ സ്ഥിതിക്കു് ജ്ഞാനസമ്പാദനത്തേയും ദൈവഭയത്തേയും കുറിച്ചു് വി. അപ്രേം രചിച്ചിട്ടുള്ള മേംമ്റാ പദ്യരൂപത്തിൽതന്നെ മലയാളഭാഷയിൽ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്യമിക്കുന്ന ഈ ചെറുപുസ്തകത്തിന്റെ രചിതാവു് അത്യന്തം സ്തുത്യർഹൻ തന്നെ. ഇതിലെ ഓ

രോ പദ്യവും ഓരോ ആശയത്തെ ദ്യോതിപ്പിക്കുന്നതിനാൽ അവ പൂർവ്വാപരബന്ധമില്ലാത്തവയായി വായനക്കാർക്കു കാണപ്പെട്ടേക്കാം. ചെറിയ കുട്ടികളെ ഉദ്ദേശിച്ചുള്ള ഉപദേശസംഹിതയായി മാത്രമേ വി. അപ്രേം ഇതിനെ ഉദ്ദേശിച്ചിട്ടുള്ളു. തന്നിമിത്തമത്രെ പല വിഷയങ്ങളേയും അദ്ദേഹം ഒരു തലക്കെട്ടിൽ സംഗ്രഹിച്ചിരിക്കുന്നതു്.

വി. അപ്രേമിന്റെ കൃതികളിലെ ഓരോ ഭാഗങ്ങൾ ഈ വിധത്തിൽ പദ്യരൂപേണ വെളിക്കു വരുന്നതായാൽ, അതു കേരളഭാഷയ്ക്കും കേരളീയർക്കും വലിയ ഒരനുഗ്രഹമായിരിക്കും. ഈ ചെറുപുസ്തകംപോലെയുള്ള കൃതികൾ നമ്മുടെ പള്ളിക്കൂടങ്ങളിൽ പാഠ്യപുസ്തകങ്ങളാകുന്നതായാൽ കുട്ടികളുടെ സന്മാർഗ്ഗബോധം വർദ്ധിപ്പിക്കുന്നതിനും അതു് വളരെ ഉപകാരപ്രദമായിരിക്കുന്നതാണു്.

Fr. Placid T. O. C. D.

ചെത്തിപ്പുഴ,
8- 4- 1935.

# സമർപ്പണം.

ആരാസിയ്ക്കഭാഷാകവനവനിതയെ-
സ്സൂക്തിരത്നങ്ങൾമൂലം
ഭൂരിശ്രീചേർത്തുലാളിച്ചൊരുകവിതിലകൻ
വേദവേദാന്തവിജ്ഞൻ
ആരിമ്പാർന്നോപദേശം സരസമരുളിയോൻ
ശിഷ്യവൃന്ദത്തിനായ-
പ്പേരാളും സിദ്ധനപ്പേർ ഗുരുവിനിതിനെ ഞാൻ
കാഴ്ചയായ് വച്ചിടുന്നു.

(പരിഭാഷകൻ.)

ക. നി. മൂ. സ. സന്ന്യാസികളിൽ ഒരുവൻ.

ചെത്തിപ്പുഴ,
1-3-'35.

✠

കവിസാർവ്വഭൌമനായ

വിശുദ്ധ അപ്രേമിന്റെ

# ബാലോപദേശം.

(മൂലകാവ്യത്തിൽനിന്നു തർജ്ജമ.)

---

1. വിദ്യയ്ക്കപാരം കൊതിയുള്ളവന്നായ്
വിദ്യാധനം നൽകുക ദൈവമേ! നീ;
ശ്രദ്ധിച്ചു ശിഷ്യർക്കുപദേശമോതു-
മദ്ധ്യാപകന്നേകുക നിത്യഭാഗ്യം.

2. ജ്ഞാനത്തിലേറ്റം പ്രിയമാർന്നവൻ വി-
ജ്ഞാനപ്രതാപത്തിലുയർന്നു വാഴ്‌വൂ;
ഹീനത്വമേറും മടിയോടിണങ്ങും
ജനത്തിനുത്സാഹമുദിക്കയില്ല.

3. ജ്ഞാനത്തിനുത്സാഹമെഴും മനസ്സാ-
സ്ഥാനം, തുലോമോർത്തുനേടിടേണം;
ശൂന്യംവളർത്തും മടിയോടടുക്കേ-
ണ്ടന്യൂനദാരിദ്ര്യമതിൽവസിപ്പൂ.

4. ശാസ്ത്രംഗ്രഹിപ്പാൻ പലപുസ്തകങ്ങൾ
ശ്രദ്ധിച്ചു വായിക്കുക സന്തതം നീ
സിദ്ധിച്ചസമ്പത്തുനശിച്ചിടായ്‌വാൻ
ശ്രദ്ധിച്ചുഭോഗേച്ഛവെടിഞ്ഞുകൊൾക.

5. ശാസ്ത്രത്തിനെല്ലാംമുടി ദൈവഭീ,യീ-
ശാസ്ത്രംപരംതേടുക മുഖ്യമായി
പ്രാൎത്ഥിച്ചുനിന്നെ പരിരക്ഷചെയ്‌വാൻ
പേൎത്തോൎത്തുപൂജിക്ക പിതാക്കളെ നീ.

6. സൎവ്വേശനിൽഭക്തിമികച്ചയാളെ-
സ്സൎവ്വത്രബാലാ! സഖിയായ്‌വരിക്ക
സൎവ്വത്തിലും മദ്യപനേ വെടിഞ്ഞു്
സൎവ്വാത്മനാദൂരെയകന്നുകൊൾക.

7. തേടേണ്ട നീ വിത്തമനല്പമെന്നാൽ
നേടീടണംവിദ്യനിരന്തരായം
കേടല്പവും നീ കണികാൺകയില്ലി-
പ്പാടിങ്ങുചെയ്കിൽ ശുഭമേററമുണ്ടാം.

8. സമ്പത്തു പൊൻ, വെള്ളികളേറിയാലും
വമ്പൊത്തവാക്കോതിഞെളിഞ്ഞിടൊല്ല;
ഇമ്പത്തൊടുംനല്ലവിവേകമോടു-
മമ്പൊത്തസൂനോ സതതംവസിക്ക.

9. വാൎദ്ധക്യകാലം പുകളേററമേന്താം
വൎദ്ധിക്കബാലാ! വിനയത്തിലിപ്പോൾ
വൎദ്ധിച്ചഭാഗ്യത്തൊടുമേലിൽവാഴാം
ശ്രദ്ധിക്കപുണ്യാഭ്യസനത്തിലെന്നും.

10. പിതാക്കളുംനിൻഗുരുനാഥരുംവൻ
പ്രീതിനീയും പരമാണ്ടിടാനായ്
ഇതാ!പഠിച്ചീയുപദേശമെല്ലാം
സുതാ!പ്രവൎത്തിച്ചുവസിച്ചുകൊൾക.

11. വയസ്സരാൽ ശോഭിതമാം സദസ്സിൽ
നയംവിനാ കേറിയുരച്ചിടൊല്ലാ
മയത്തോടേ, ചോദ്യനിരയ്ക്കുതെല്ലും
ഭയപ്പെടാതോൎത്തുവചിക്ക കാൎയ്യം.

12. കഥിക്കനീ നല്ലവിവേകമോടും
മിതത്തോടുംബാല! സദാപിയെന്നാൽ,
സ്തുതിപ്രകാശംവളരുംനിനക്കും
പിതാവിനുംനിൻഗുരുവിന്നുമേററം.

13. ക്രമത്തൊടെല്ലാക്രിയയുംശരിക്ക്
ക്രമപ്പെടുത്തുന്നതിനായിനിത്യം
കുമാര! നീ പ്രാൎത്ഥന,യൂണ,വിദ്യ
സുമാറിവയ്ക്കായ് സമയം കുറിക്ക.

14. പാരാകെ വിട്ടിട്ടുഗമിച്ചിടുന്ന
നേരംദരിദ്രസ്ഥിതിയാൎന്നിടായ്‌വാൻ
ധാരാളമായ്‌പുണ്യധനങ്ങളിന്നീ-
നേരത്തുവേഗംസുത! ശേഖരിക്ക.

15. സൂക്ഷിക്കദുഷ്യോക്തിയസത്യമാണ-
യാക്ഷേപവാക്കെന്നിവചൊന്നിടാതെ;
പക്ഷം തുളുമ്പുംസ്തവമേറെനിൻെറ-
വക്ഷസ്സിൽനിന്നും പെരുകട്ടെ നാവിൽ.

16. അനല്പമാപത്തു വരുത്തിവയ്ക്കും
കനത്തൊരഗ്നിക്കിരയായിടായ്‌വാൻ
കനിഞ്ഞു നീ നിന്നൊടുതന്നെനിൻയൌ-
വനത്തിലെൻവത്സ! നടന്നുകൊൾക.

17. ശ്രദ്ധിച്ചുചിന്തിക്ക നിനക്കു രോഗം
വൎദ്ധിച്ചുചേരുംസമയത്തെഹൃത്തിൽ
ഊൎദ്ധ്വൻവലിക്കേണ്ടൊരുകാലമായ
വാൎദ്ധക്യമുണ്ടോടിവരുന്നുപിൻപേ.

18. വിജ്ഞാനദിവ്യായുധശക്തിസൂനോ!
വിജ്ഞാതമാം വാളിനെ വെന്നിടുന്നു
ഭഞ്ജിച്ചുപോകുംധനരാശിയേക്കാൾ
പ്രജ്ഞാപ്രകാശംപരമുത്തമംകേൾ.

19. ജരാനരയ്ക്കാലയമായമൂഢ—
നരേന്ദ്രനേക്കാളിഹ ഭൂതലത്തിൽ
പരംവരൻ വിജ്ഞതയാംഗുണശ്രീ
തിരണ്ടിടുംയൌവ്വനയുക്തനത്രെ.

20. ഭുവിങ്കലേററം ധനിയാകുവാനും
ദ്യോവിൽജയശ്രീയൊടുവാഴുവാനും
ഭവ്യം തുളുമ്പീടിനവിദ്യയേ നീ-
യാവോളവും നേടുകധൎമ്മകൃത്തായ്.

21. വൃദ്ധൎക്കജസ്രംബഹുമാനമേക,
വൎദ്ധിക്കസംസക്തിയിലജ്ജനത്തിൻ
പത്തിങ്കലെത്തീട്ടവരെസ്സതൃഷ്ണം
ശ്രദ്ധിച്ചുകേട്ടാശുപഠിക്കബാല!

22. ദ്വിതീയമായുള്ളൊരുദീപമാണെൻ
സുതാപഠിത്തം ഭുവിപരത്തിടുമ്പോൾ
പ്രതാപമേറും മിഴിനൽകി വിദ്യ
മതിപ്രകാശത്തെ വളത്തിടുന്നു.

23. ശ്രോതാക്കളെല്ലാം ബഹുധാ സ്തുതിക്കും
ജ്യോതിസ്സുനിന്നിൽ തിരളുന്നതിന്നായ്
പൂതാശയത്തോടധികം മമതാം
നീ തേടണം വിദ്യയിലുററനിത്യം.

24. വിദ്യാവധൂടിക്കിഹ സേവചെയ്‌വാ-
നദ്യുക്തനായ്‌വേണ്ടവ ചെയ്യുമെങ്കിൽ
ഭേദംവിനാ നിൻതലയിൽക്കിരീടം
മോദത്തൊടാധന്യയെടുത്തുവയ്ക്കും.

25. ദാരിദ്ര്യമേറും കുടിലിൽകിടക്കും
പേരററസാധുക്കളെവിദ്യവേഗം
പാരഞ്ചിടും കീർത്തിവിളങ്ങിടുന്ന
വൻരാജസിംഹാസനമേററിടുംകേൾ.

26. സന്തോഷവായ്‌പാലതിതൃപ്തനാകാൻ
ഗ്രന്ഥങ്ങളാകട്ടശനംനിനക്ക്,
ചെന്താരുതോല്ക്കുംതവശയ്യ-സൌഖ്യ-
പ്പൂന്തേനമെല്ലാമിവയാക്കിടേണം.

27. കൂടേണ്ട നീ ദുഷ്ടജനത്തൊടൊട്ടും
പാടേ വിടേണം നുണയൻെറക്കൂട്ടം
തേടേണ്ടശണ്ഠക്കവിരോധിയെ,പ്പോയ്-
ചാടേണ്ടതർക്കത്തിനുശുണ്ഠിയോടും.

28. കാപട്യമേറും തവശത്രുവിൽ നി-
ന്നാപത്തുചേരാതെ സുഖിപ്പതിന്നായ്
കോപപ്പിശാചിൻകണിയിൽ കുടുങ്ങി-
പ്പാപിഷ്ഠനായിട്ടു ചമഞ്ഞിടൊല്ലാ.

29. നിന്നോടടുക്കുംനരരാരുമൊട്ടു-
മെന്നോമനേ! നിന്നെ വെറുത്തിടായ്വാൻ
മുന്നിട്ടു നീ മത്സരബുദ്ധിയോടേ-
യൊന്നിന്നുമേതും തുനിയേണ്ട പാരിൽ.

30. പടുക്കളായുള്ളമനീഷിമാരോ-
ടടുക്കുകാലോചനകേൾക്കുവാനായ്
മിടുക്കനായ്നീ ജനകൻറവാക്ക്
കടന്നുവയ്ക്കൊല്ലടിയൊന്നുപോലും.

31. അന്യായമായ് തിന്മകളെൻകുമാര!
നിന്നോടുചെയ്യുന്നവരോടെതിർക്കാൻ
ധന്യത്വമെന്യേ പൊളി,യാണയാലി
നിന്ദാവഹങ്ങൾക്കിടയാക്കിടൊല്ല.

32. ഇണക്കമേറും തവ മിത്രമായി-
ഗ്ഗുണങ്ങളേറും നരനെ വരിക്കാം
പണംപിടുങ്ങാൻ കരുതീട്ടുമാത്ര-
മണഞ്ഞിടൊല്ലാ സഖിസന്നിധൗ നീ.

33. നിനക്കു നീ നന്മവരുത്തിടുമ്പോൾ
മനക്കരുന്നിൽ പ്രിയമോടുബാല!
നിനയ്ക്കുയന്യർക്കു ശുഭങ്ങളേററാ;-
നനല്പമായിട്ടവർനിന്നെ വാഴ്ത്തും.

34. എല്ലാക്രിയയ്ക്കും തവവെട്ടമായി-
ട്ടെല്ലായ്പൊഴും സത്യമിരുന്നിടട്ടെ
എല്ലാവരും നീവഴിയായുറപ്പാ-
"നില്ലില്ല,യുണ്ടുണ്ടി"തിചൊന്നിടേണം.

35. സത്യം സദാ ചൊല്ലുക,നിന്നെലോകം
നിത്യം മഹാസ്നേഹിതനാക്കുവാനായ്
ഓൎത്തീടണം സത്യവിധേയനായാൽ
പ്രാൎത്ഥിക്കുമെല്ലാജനവുംനിനക്കായ്.

36. അടുത്തസംബന്ധികളോടു ചെയ്യും–
പടിക്കുനീനന്മകളന്യരോടും
ചൊടിക്കുചെ;യ്യോത്തുകധൎമ്മമാൎഗ്ഗം
പടുക്കളോടും പടുപാപിയോടും.

37. ദൈവത്തിലോമൽ ശരണത്തൊടെന്നും
ദേവാജ്ഞപാലിച്ചിടുകെൻ കുമാര!
നീവച്ചിടേണ്ടാശ്രയമാരിലുംകേൾ
ഭൂവിൽനരൻ ഹാ! പുകപോൽ നശിക്കും.

38. സൎവ്വാത്മനാനിൻശരണങ്ങളെല്ലാം
സൎവ്വേശനിൽ തന്നെയണച്ചുകൊണ്ടാൽ
സൎവ്വത്ര സൗഭാഗ്യമനല്പമുണ്ടാ–
മുൎവ്വീതലത്തും സുത, വിണ്ണിലും കേൾ.

39. ഈശോക്തിപോലിബ് ഭുവനം മുറയ്ക്കു
നാശത്തിന്നുണ്ടായിടുമില്ലവാദം
ആശങ്കവേണ്ടെൻപ്രിയപുത്ര ഭേദം
ലേശംവിനാ നിൻവിധിനിൽക്കുമെന്നും.

40. ആപത്തുകൾക്കൊക്കെ നിദാനമാകും
പാപത്തെവിട്ടോടുകബാലകാ! നീ
ഹാ! പത്തുതെററിപ്പിഴയിൽ പതിച്ചാൽ
താപത്തോടേ ദേവപദംഭജിക്ക.

41. ഉദിക്കണം നിൻ വദനത്തിലെന്നും
മോദത്തോടേയീശ്വരകീർത്തനങ്ങൾ
വദിക്കൊലാനീപൊളി, യാണയാദി;
മുദം പിശാചിന്നവനൾകുമേററം.

42. സ്മരിക്കനോമ്പർത്ഥന, ഗീതമാദി
ശരിക്കചെയ്തീശ്വരനെ ഭജിപ്പാൻ
നരന്നെഴും ജിഹ്വ വിശിഷ്ടഗാനം
പരന്നപാടുന്നതിനായിടട്ടേ.

43. പശിക്കവോനന്നവുമംബുവും മത്-
സുശിഷ്യ! നീയേകുക നല്ലവണ്ണം
വിശിഷ്യനോമ്പുത്തമമാംവിധത്തി-
ലശങ്കമായ് കാത്തുവസിച്ചിടേണം.

44. അനർഘനാമീശസുതൻപറഞ്ഞു
നിനക്ക നൽകുന്നതുപോലെ ബാല!
ദിനത്തിലെല്ലാംശുഭമേഴവട്ട-
മനസ്സുളം പ്രാർത്ഥനചെയ്തുവാഴ്ക.

45. വിശുദ്ധമാംമാനസമാണതുല്യ
വിശിഷ്ടമാമാഭ്ജനമിജ്ജഗത്തിൽ
യശസ്സിതിൽ കൂടതലുള്ളതൊന്നും
സുശിഷ്യ! സൃഷ്ടങ്ങളിലില്ല പാർക്കിൽ.

46. സ്നേഹിക്കണം നന്മകളേറെയെന്നാൽ
ദേഹിക്കപാരം ശുഭമാശുചേരും
മോഹിച്ചുകേട്ടീയുപദേശമെല്ലാം
ഗ്രഹിച്ചതിന്നൊത്തുനടന്നുകൊൾക.

47. ശരിക്കുസൂക്ഷിക്കുക നിന്റെ ജിഹ്വാ–
യുരച്ചിടുംവാക്കുകളെസ്സതൃഷ്ണം
നിരന്തരംനിന്നുടെ കാൎയ്യമെല്ലാ–
മൊരുക്കണെബാലാ! മതിമാനു തുല്യം.

48. ഈലോകമാംരംഗമതിങ്കലേക്ക്
ബാലന്റെ വേഷത്തൊടു വന്നതും ഹാ!
കാലാന്തരേ പിന്തിരിയേണ്ടതും നീ
കാലേ നിനച്ചീടുക ബുദ്ധിപൂൎവം.

49. ഓൎത്തിടണം ശൂന്യമതിങ്കൽനിന്നും
പാൎത്തട്ടിലേക്കീ നരരാകെ വന്നു;
മൂൎദ്ധാവുമെല്ലാമുടനേ നശിച്ചു
മൎത്ത്യൻ ദൃഢം ശൂന്യമണഞ്ഞുപോകും.

50. മഹാജയശ്രീയുതരായി വാണ
മഹാനൃപന്മാർ മഹിതോന്നതന്മാർ!
ഇഹത്തിലിന്നാനരരാരുമേയി–
ല്ലഹോ! നിനക്കും വിധിയേവമത്രെ.

51. ഭയങ്കരം! വൻവിധിനാദമയ്യോ!
ഭയത്തൊടേ തിന്മവെടിഞ്ഞുകൊൾക;
മായപ്പിശാചിൻകെണിയിൽകുടുങ്ങി–
പ്പോയഗ്നിയിൽ ചെന്നു പതിച്ചിടൊല്ലാ.

52. നീ പാപിയെങ്കിൽ മമ ശിഷ്യ! പശ്ചാ–
ത്താപത്തൊടേ കേൾക്കനുശാസനങ്ങൾ
നീ പുണ്യമേറുന്നവനെങ്കിലെന്നും
പാപക്കറെസ്പൎശമെഴാതെ വാഴ്ക.

53. നിസ്തുല്യമാം ദൈവമഹസ്സിനേ നീ
നിത്യം മഹാവിസ്മയമോടു വാഴ്ത്തി
ഉത്തുംഗമാം സ്തോത്രമുരച്ചു നിത്യ-
മത്യുന്നതന്നായ് സ്തുതിയേററിടേണം.

54. ഭൂലോകമെല്ലാം ബത! നേടിയാലും
കാലാന്തരത്തിൽഫലമെന്തു? വത്സ!
മാലേശിടാതായവ മൃത്യുവിൻെറ
കാലത്തുരക്ഷിക്കുകയില്ല നിന്നെ.

55. സഹായമേകട്ടെ നമുക്കു ദൈവം
മഹസ്സെഴും തൻ ഹിതമിങ്ങുചെയ്തു
മഹാ ഖലന്മാൎക്കു വിധിച്ചിടും ദു-
സ്സഹങ്ങളാം ദുർഗതി ചേൎന്നിടായ്‌വാൻ.

ശുഭം.

Printed and Published
for the Proprietor by P. K. Joseph at the
St. Joseph's Press, Mannanam, 1935.

DC Library
*00003961*
T61 B22

T61
B22